"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജൈവവൈവിധ്യ പരിപാലന സമിതികളിലെ (BMC) അംഗങ്ങൾക്ക് സിറ്റിംഗ് ഫീ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.1550/2025/LSGD തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:- 24.04.2025 -ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പൊതുവിഷയങ്ങളിലെ തീരുമാനം നമ്പർ 3.2

**ഉത്തരവ്**

പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (BMC) രൂപീകരിച്ചിട്ടുണ്ട്. ചെയർപേഴ്സണും സെക്രട്ടറിയും (തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും സെക്രട്ടറിയും) തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി നോമിനേറ്റ് ചെയ്യുന്ന ജൈവവൈവിധ്യ മേഖലയുമായി ബന്ധമുള്ള 6 അംഗങ്ങളുമാണ് ഓരോ ജൈവവൈവിധ്യ പരിപാലന സമിതിയിലുമുള്ളത്. ചെയർപേഴ്സണും സെക്രട്ടറിയും ഒഴികെ ബാക്കിയുള്ളവർക്ക് ഓരോ യോഗത്തിലും സിറ്റിംഗ് ഫീ/റ്റിഎ ഇനത്തിൽ ആകെ 250 രൂപ വീതം BMC അംഗത്തിന് തനത് ഫണ്ടിൽ നിന്ന് നൽകാവുന്നതാണെന്ന് വികേന്ദ്രീകൃതസസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗം മേൽ പരാമർശ പ്രകാരം തീരുമാനിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചെയർപേഴ്സണും സെക്രട്ടറിയും ഒഴികെ ജൈവവൈവിധ്യ പരിപാലന സമിതിയിലെ ബാക്കിയുള്ള അംഗങ്ങൾക്ക് ഓരോ യോഗത്തിലും സിറ്റിംഗ് ഫീ/റ്റിഎ ഇനത്തിൽ ആകെ 250 രൂപ വീതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
എല്ലാതദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shaija R M സെക്ഷൻ ഓഫീസർ
Date: 23-06-2025 11:38:00